നമ്പർ 253/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗം ........................................................................................................ ന് വാഴ്വ്!

പ്രിയനെ,
പരിശുദ്ധ സഭയ്ക്ക് ഇപ്പോൾ ആവശ്യമുള്ള ഏഴ് എപ്പിസ്കോപ്പാ സ്ഥാനികളെ തെരഞ്ഞെടുക്കുന്നതിലേക്ക് നമ്മുടെ 106/2008 -ാം നമ്പർ കല്പനയനുസരിച്ച് 2008 സെപ്റ്റംബർ മാസം 11 -ാം തീയതി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം പാമ്പാക്കുട എം. റ്റി. എം. ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുകയാണല്ലോ. പരിശുദ്ധ സഭയ്ക്ക് യോഗ്യരായ എപ്പിസ്കോപ്പാ സ്ഥാനികളെ കണ്ടെത്തുന്നതിന്, പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തയ്യാറാക്കി, അംഗീകരിച്ച്, 2008 ഫെബ്രുവരി മാസം 20 -ാം തീയതി സമ്മേളിച്ച അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗത്തിൽ വായിച്ചു കേട്ട് സഹർഷം സ്വാഗതം ചെയ്ത മാനദണ്ഡങ്ങളും നടപടിക്രമങ്ങളും നാം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണല്ലോ. അതിൻപ്രകാരം യോഗ്യരായിട്ടുള്ളവരെ കണ്ടെത്തുന്നതിലേക്ക് നമ്മുടെ 70/2008 -ാം നമ്പർ കല്പന പ്രകാരം ഒരു സ്ക്രീനിംഗ് കമ്മറ്റിയെ നാം നിയമിച്ചിരുന്നു.

സ്ക്രീനിംഗ് കമ്മറ്റി കൺവീനർക്ക് സമർപ്പിക്കപ്പെട്ട നാമനിർദ്ദേശങ്ങളിൽ പരിഗണനാർഹരായ വ്യക്തികളെ സംബന്ധിച്ച് സ്ക്രീനിംഗ് കമ്മറ്റി വിശദമായ പഠനത്തിനും ചർച്ചയ്ക്കും വിലയിരുത്തലിനും ശേഷം യോഗ്യരായി കണ്ടെത്തിയവരിൽ നിന്നും 14 പേരുകളാണ് മാനേജിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടിയിരുന്നത്. മാനേജിംഗ് കമ്മറ്റി അതിൽനിന്നും 11 പേരുകൾ തെരഞ്ഞെടുത്ത് അസ്സോസിയേഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അസ്സോസിയേഷൻ അവരിൽ നിന്നും 7 പേരെ തെരഞ്ഞെടുക്കുകയുമാണ് വേണ്ടിയിരുന്നത്.

എന്നാൽ പ്രസ്തുത 11 അംഗ സ്ക്രീനിംഗ് കമ്മറ്റി, കൺവീനറായ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞ മൂന്ന് മാസങ്ങളിലായി 7 പ്രാവശ്യം കൂടി പരിഗണനാർഹരായ വ്യക്തികളെ സംബന്ധിച്ച് വിപുലമായ അന്വേഷണങ്ങളും സൂക്ഷ്മമായ പഠനങ്ങളും നടത്തുകയുണ്ടായി. അവരുടെ തത്സംബന്ധമായ നടപടികൾ നാം ആദിയോടന്തം സസൂക്ഷ്മം നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്തിരുന്നു. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും കൃത്യമായി പാലിക്കപ്പെടണമെന്നുള്ള നമ്മുടെ കല്പന പ്രകാരം സ്ക്രീനിംഗ് കമ്മറ്റി 10 പേരെ എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് യോഗ്യരായി കണ്ടെത്തി നമുക്ക് സമർപ്പിച്ചിരിക്കുന്നു. ആയതിൽ അപാകതയോ പോരായ്മയോ നമുക്ക് ബോധ്യപ്പെട്ടിട്ടില്ല. ഈ പ്രത്യേക സാഹചര്യത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസി

(മറുപുറം)

യേഷൻ പ്രസിഡന്റ് എന്ന നിലയിൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച്, സ്ക്രീനിംഗ് കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ള 10 പേരിൽ നിന്ന് മാനേജിംഗ് കമ്മറ്റി 9 പേരെ തെരഞ്ഞെടുത്ത് അസ്സോസിയേഷന് സമർപ്പിക്കുവാനും, അസ്സോസിയേഷൻ അവരിൽ നിന്ന് 7 എപ്പിസ്കോപ്പാ സ്ഥാനികളെ തെരഞ്ഞെടുക്കുവാനുമുള്ള ക്രമീകരണം നാം നിശ്ചയിച്ച് നിങ്ങളെ അറിയിക്കുന്നു. യോഗ്യരായവരുടെ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ സ്ക്രീനിംഗ് കമ്മറ്റി കർശനമായി പാലിച്ചതിൽ നാം സന്തുഷ്ടനാണ്. തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങളിൽ നാം വരുത്തിയിരിക്കുന്ന ഈ ക്രമീകരണങ്ങളോട് നിങ്ങളെല്ലാവരും ആത്മാർത്ഥമായി സഹകരിച്ച് പ്രവർത്തിക്കണം.

ഇത്രയും വ്യക്തമായും സൂക്ഷ്മമായും ഉള്ള നടപടിച്ചട്ടങ്ങൾ ആവിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാൽ ആയത് പരിപൂർണ്ണമായി വിജയിപ്പിക്കേണ്ടത് നിങ്ങൾ ഓരോരുത്തരുടേയും കടമയാണ്. ഇതോടുകൂടി സഭയുടെ അച്ചടക്കത്തിന്റെ നല്ല പ്രതിഫലനങ്ങൾ നമ്മുടെ സഭയിൽ മുഴുവനായി വ്യാപരിക്കുമെന്നാണ് നമ്മുടെ പ്രത്യാശ.

വാത്സല്യമക്കളെ, പരിശുദ്ധ സഭയുടെ അന്തസ്സും ഭാവിയും ശ്രേയസ്സും നിങ്ങളിൽ നിക്ഷിപ്തമാണ്. സാഹചര്യങ്ങൾ മനസ്സിലാക്കി പരിശുദ്ധ സഭയുടെ അഭ്യുന്നതിക്കുവേണ്ടി ഉണർന്നും ഉയർന്നും പ്രവർത്തിക്കുവാൻ നാം നിങ്ങളെ സ്നേഹപൂർവ്വം ഉത്ബോധിപ്പിക്കുന്നു.

ശേഷം പിന്നാലെ,

ദൈവം അനുഗ്രഹിക്കട്ടെ,



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ജൂലൈ മാസം 28 -ാം തീയതി
ദേവലോകം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.